4399
22/4/15

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - പത്തനംതിട്ട മഹിളാമന്ദിരത്തിനു ഭീഷണിയായി നിന്ന മരം മുറിച്ച സാമൂഹ്യനീതി ഡയറക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

**സ.ഉ(സാധാ) നം.231/2015/സാനീവ** **തീയതി, തിരുവനന്തപുരം.16.04.2015.**

---

പരാമർശം: സാമുഹ്യനീതി ഡയറക്ടറുടെ 30/09/2013 - ലെ എഫ് 2/33389/12 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കീഴുകരയിൽ പ്രവർത്തിച്ചു വരുന്ന പത്തനംതിട്ട ഗവൺമെന്റ് മഹിളാ മന്ദിരത്തിന്റെ അതിരിനോട് ചേർന്ന് നിൽക്കുന്ന ഒരു പ്ലാവ് കേട് വന്ന് ചുവട് ദ്രവിച്ച അവസ്ഥയിലായതിനാലും ടി മരം സ്ഥാപനത്തിനും തൊട്ടടുത്തുള്ള വീടിനും ഭീഷണിയായതിനാലും, ടി മരം മുറിച്ചു മാറ്റാൻ മഹിളാ മന്ദിരം സൂപ്രണ്ടിന്റെ അഭ്യർത്ഥന പ്രകാരം നിർദ്ദേശം നൽകുകയുണ്ടായിയെന്ന് പരാമർശ കത്ത് പ്രകാരം സാമുഹ്യനീതി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. കൂടാതെ മുറിച്ചുമാറ്റിയ പ്ലാവ് മരക്കഷണങ്ങൾ ഫോറസ്റ്റ് അധികൃതർ പരിശോധിക്കുകയും ലേല നടപടികൾ ശുപാർശ ചെയ്യുകയും തടിയുടെ അളവും 4451/- രൂപ വിലയും നിശ്ചയിക്കുകയും ടി തടിക്കഷണങ്ങൾ ലേലം ചെയ്തതിനുശേഷം ലേല തുകയും മൂല്യ വർദ്ധിത തുകയും (VAT) ഒരു ശതമാനം സെസും കുടി കൂട്ടിയ തുകയുടെ 5% Forest Development Tax കോന്നി ട്രഷറിയിൽ ഒടുക്കി ചെലാൻ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിൽ എത്തിക്കേണ്ടതാണെന്ന് അസിസ്റ്റൻറ് ഫോറസ്റ്റ് കൺസർവേറ്റർ അറിയിച്ചിട്ടുണ്ടെന്നും സാമൂഹ്യനീതി ഡയറക്ടർ അറിയിച്ചിരിക്കുന്നു. അടിയന്തിര സാഹചര്യത്തിൽ, പത്തനംതിട്ട മഹിളാ മന്ദിരത്തിലെ അന്തേവാസികളുടെയും, അയൽ വീടിനും, ഭീഷണിയായി നിന്ന മരം മുറിച്ചു മാറ്റിയ നടപടിയിൽ സാധൂകരണം നൽകണമെന്നും മുറിച്ചു മാറ്റി സൂക്ഷിച്ചിരിക്കുന്ന പ്ലാവ് മരക്കഷണങ്ങൾ ലേലം ചെയ്യുന്നതിനുള്ള അനുമതി നൽകണമെന്നും സാമുഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അടിയന്തിര സാഹചര്യത്തിൽ, പത്തനംതിട്ട മഹിളാ മന്ദിരത്തിനും തൊട്ടടുത്ത വീടിനും ഭീഷണിയായി നിന്ന പ്ലാവ് മുറിച്ചുമാറ്റിയ സാമുഹ്യനീതി ഡയറക്ടറുടെ നടപടിയ്ക്ക് സാധുകരണം നൽകിയും മുറിച്ചുമാറ്റി സൂക്ഷിച്ചിരിക്കുന്ന പ്ലാവ് മരക്കഷണങ്ങൾ ലേലം ചെയ്യുന്നതിന് അനുമതി നൽകിയും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം.**
കെ.എം.ലീലാമണി
അഡീഷണൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആൻറ്ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
വനം വന്യജീവി വകുപ്പ്(17.03.2015 ലെ 14210/ഇ3/2013/വനം നമ്പർ അനൗദ്യോഗിക കുറിപ്പ് പകാരം)
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
**കരുതൽ ഫയൽ , ഓഫീസ് പകർപ്പ്.**

**ഉത്തരവിൻ പ്രകാരം**

സെക്ഷൻ ഓഫീസർ